# ഏലിയ – ശ്ലീഹ – മൂശാക്കാലം

## വചന വിചിന്തനം

### ശ്ലീവക്കാലം ഒന്നാം ഞായർ

മത്താ 5,1-12

14/09/2014

മഹാത്മാഗാന്ധി ഒരിക്കൽ പ്രസ്താവിച്ചു, "ക്രിസ്തുവിനെ ഞാൻ സ്നേഹിക്കുന്നു. എന്നാൽ, ക്രിസ്ത്യാനികളെ ഞാൻ വെറുക്കുന്നു." തൊട്ടടുത്ത നിമിഷം ഇത് കേട്ട വ്യക്തി മഹാത്മാഗാന്ധിയുടെ അടുത്ത് ചോദിക്കുന്നുണ്ട്, "താങ്കൾ എന്തുകൊണ്ട് ക്രിസ്തുവിനെ സ്നേഹിക്കുകയും ക്രിസ്ത്യാനികളെ വെറുക്കുകയും ചെയ്യുന്നുവെന്ന്?" അതിന് ഗാന്ധിജി പറയുന്ന മറുപടി ഇപ്രകാരമാണ്, '

'ക്രിസ്തു സന്തോഷമാകുന്ന സങ്കടങ്ങളെ കുറിച്ച് പ്രഘോഷിച്ചവനാണ്. എന്നാൽ, ക്രിസ്ത്യാനികൾ പ്രഘോഷിക്കുന്നത് സന്തോഷങ്ങളെകുറിച്ച് മാത്രമാണ്."

"ദാരിദ്ര്യം ഒരു ദുരിതമാണ്. എന്നാൽ, ഈ ദുരിതത്തിലൂടെ കടന്ന് പോകുന്നവർക്കുമാത്രമെ ദൈവരാജ്യം സ്വന്തമാക്കാൻ സാധിക്കു എന്ന് ധനവാന്റെയും ലാസറിന്റെയും ഉപമ പഠിപ്പിക്കുന്നു..'

മഹാത്മാഗാന്ധിയെ ഏറെ സ്വാധീനിച്ച ബൈബിൾ വചനഭാഗമാണ് നാം ഇന്ന് വയിച്ച് കേട്ടത്. ഈ വചനഭാഗത്തിലൂടെ ക്രിസ്തു പറഞ്ഞ് തരുന്നത് ഇപ്രകാരം കുറിക്കാം, "സങ്കടങ്ങളെ സന്തോഷമാക്കുക."

വചനത്തിലൂടെ ക്രിസ്തു പറഞ്ഞ് വയ്ക്കുന്നത്, "ദരിദ്രരെ നിങ്ങൾ ഭാഗ്യവാൻമാർ, വിലപിക്കുന്നവരെ നിങ്ങൾ ഭാഗ്യവാൻമാർ, ശാന്തശീലരെ നിങ്ങൾ ഭാഗ്യവാൻമാർ, നീതിക്ക് വേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവരെ നിങ്ങൾ ഭാഗ്യവാൻമാർ, കരുണയുള്ളവരെ നിങ്ങൾ ഭാഗ്യവാൻമാർ, ഹൃദയശുദ്ധിയുള്ളവരെ നിങ്ങൾ ഭാഗ്യവാൻമാർ, സമാധാനം സ്ഥാപിക്കുന്നവരെ നിങ്ങൾ ഭാഗ്യവാൻമാർ, പീഢിപ്പിക്കപ്പെടുന്നവരെ നിങ്ങൾ ഭാഗ്യവാൻമാർ..." ചുരുക്കത്തിൽ നമ്മൾ സ്വപ്നം കാണുന്ന ഭാഗ്യവും ക്രിസ്തു സ്വപ്നം കാണുന്ന ഭാഗ്യവും തമ്മിലുള്ള അന്തരം എന്തുമാത്രമാണ്. സഹനങ്ങളെ നെഞ്ചോട് ചേർത്ത് വയ്ക്കാൻ തമ്പുരാൻ സമ്മാനിക്കുമ്പോൾ ക്രിസ്തു പറഞ്ഞ് തരുകയാണ് നിങ്ങളുടെ സഹനങ്ങൾ, സങ്കടങ്ങൾ സന്തോഷങ്ങളാകുമെന്ന്.

'ഭാഗ്യം' എന്നു പറയുന്നത് തികച്ചും ആപേഷികം മാത്രമാണ്. മഴ കൃഷിക്കാരന് അനുഗ്രഹമാകുമ്പോൾ അത് വീട് പണിയുന്നവന് ശല്ല്യമാണ്. വളർച്ച അനുഗ്രഹമാണ്. എന്നാൽ ക്യാൻസറിന്റെ വളർച്ച മനുഷ്യകുലത്തിന്റെ ശാപമാണ്. അണുവികിരണത്തിലൂടെ കറന്റ് ഉൽപ്പാദിപ്പിക്കുമ്പോൾ അത് മനുഷ്യവർഗ്ഗത്തിന് അനുഗ്രഹമാണ്. പക്ഷെ, അണുവായുദ്ധത്തിലൂടെ ആയിരങ്ങളെ കൊന്നൊടുക്കുമ്പോൾ അണുവികിരണം ശപമായി മാറുന്നു. എങ്കിൽ, ആപേക്ഷികമായ ഭാഗ്യ-ദൗർഭാഗ്യങ്ങളെ ഞാൻ എപ്രകാരമാണ് സ്വീകരിക്കുന്നത്? ചെറിയ സങ്കടങ്ങളുടെയും സഹനങ്ങളുടെയും പുറകിൽ ഒളിപ്പിച്ച് വച്ചിട്ടുള്ള ആനുഗ്രഹമാകുന്ന സന്തോഷങ്ങളെ കണ്ടുപിടിക്കാൻ നമുക്ക് സാധിക്കുന്നുണ്ടോ? ക്രിസ്തു തന്നെ കാണിച്ച് തരുന്നുണ്ട്, സഹനങ്ങൾക്ക് പിറകിൽ ഒളിപ്പിച്ച് വച്ചിട്ടുള്ള സന്തോഷങ്ങളെ എപ്രകാരമാണ് നാം തിരഞ്ഞെടുക്കണമെന്ന്. വി.യോഹന്നാന്റെ സുവിശേഷത്തിൽ 9-ാം അദ്ധ്യായത്തിൽ ശിഷ്യൻമാർ ഒരു അന്ധനെ ക്രിസ്തുവിന് കാണിച്ച് കൊടുത്തിട്ട് ചോദിക്കുന്നു, "ഇവൻ അന്ധനായി ജനിച്ചത് ആരുടെ പാപം നിമിത്തമാണ്? ഇവന്റെയോ അതോ ഇവന്റെ മാതാപിതാക്കളുടെയോ?" അതിന് ക്രിസ്തു പറയുന്ന മറുപടി ഇവന്റെയോ ഇവന്റെ മാതാപിതാക്കളുടെയോ പാപം നിമിത്തമല്ല ഇവനിൽ സഹനം

സങ്കടം ഉണ്ടായത്. മറിച്ച്, ദൈവത്തിന്റെ പ്രവർത്തികൾ ഇവനിൽ പ്രകടമാകേണ്ട തിനാണെന്ന്. ഇതിലൂടെ ആ അന്ധൻ ദൈവികമഹത്വം ദർശിക്കുകയാണ്. അവന്റെ സങ്കടങ്ങളെ സന്തോഷങ്ങളാക്കുകയാണ് ക്രിസ്തു.

പഴയനിയമത്തിൽ ജോബിനെ പരിചയപ്പെടുന്നുണ്ട് നാം. ഈ ലോകത്തിൽ ഒരു വ്യക്തിക്കനുഭവിക്കാവുന്ന എല്ലാ അനുഗ്രഹങ്ങളും അനുഭവിച്ച് ദൈവത്തിന് ഇഷ്ടപ്പെട്ട വ്യക്തിയായ് ജീവിച്ചവനാണ് ജോബ്. പക്ഷെ, അവനെയും ദൈവം പരീക്ഷിക്കാനായ് സാത്താന് വിട്ടുകൊടുക്കുന്നുണ്ട്. ജീവിതത്തിൽ ഒരു വ്യക്തിക്കനുഭവിക്കാവുന്ന എല്ലാ സഹനങ്ങളും അനുഭവിച്ച വ്യക്തി. എന്നിട്ടും ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസം പ്രത്യാശ ജോബ് കളഞ്ഞില്ല. അവന്റെ ഭാര്യയും പ്രിയ്യപ്പെട്ടവരും കൂട്ടുക്കാരും ജോബിനോട് പറയുന്നുണ്ട്, നീ പ്രത്യശ വച്ചിരിക്കുന്ന ദൈവത്തെ വെടിഞ്ഞ് അന്യദൈവത്തിന് വിധേയനാകാൻ. അപ്പോഴൊക്കെ ജോബിന്റെ മറുപടി,

"എന്റെ ചർമ്മം അഴുകി ഇല്ലാതായാലും എന്റെ മാംസത്തിൽ ഞാൻ കർത്താവിനെ കാണും. അവിടുത്തെ ഞാൻ എന്റെ പക്ഷത്ത് കാണും" (ജോബ് 19,26 - 27).

ഈ വിശ്വാസം ജോബിന് നീതിയായ് പരിണമിച്ചു. സഹനങ്ങളിലൂടെയും സങ്കടങ്ങളിലൂടെയും യാത്രചെയ്ത് നിർഭാഗ്യത്തിന് വിധേയനായ ജോബിനെ ദൈവം സമൃദ്ധമായി അനുഗ്രഹിച്ചു. വചനം പറയുന്നു, "കർത്താവ് ജോബിന്റെ ഐശ്വര്യം തിരികെ കൊടുത്തു. അവിടുന്ന് അത് ഇരട്ടിയായ് കൊടുത്തു" (ജോബ് 42,10). ജോബ് പറഞ്ഞ് തരുന്നതും ഇത് തന്നെയാണ്, "സങ്കടങ്ങളെ സന്തോഷങ്ങളാക്കണം."

സ്വന്തം പാപങ്ങളെ കുറിച്ച് വിലപിക്കുന്നവരും ക്ലേശിക്കുന്നവർക്കും ദൈവം സമ്മാനിക്കുന്ന സമ്മാനമാണ് ദൈവരാജ്യം...

ഒരു മകന് എന്തുമാത്രം കണ്ണുനീര് അമ്മയ്ക്ക് കൊടുക്കാവോ അത്രമാത്രം കണ്ണുനീർ സമ്മാനിച്ച മകനാണ് ഹിപ്പോയിലെ വി. അഗസ്റ്റിൻ. എന്നാൽ തന്റെ നിർഭാഗ്യങ്ങൾക്കിടയിൽ ദൈവത്തെ പഴിക്കാതെ മോണിക്കപുണ്യവതി തന്റെ മകന് വേണ്ടി നിരന്തരം പ്രാർത്ഥിച്ചു. അവളുടെ പ്രർത്ഥന അനുഗ്രഹമായി പരിണയിച്ചു. കണ്ണുനീരിന്റെ പുത്രൻ വൈദികനായ്, മെത്രാനായ്, വിശുദ്ധനായ്, വേദപാരംഗതനായ്. മോണിക്കപുണ്യവതിയുടെയും വി. അഗസ്റ്റിന്റെയും ജീവിതം പറഞ്ഞ് തരുന്നതും ഇത് തന്നെയാണ്, "സങ്കടങ്ങളെ അനുഗ്രഹപൂർണമായ സന്തോഷങ്ങളാക്കണം."



നമ്മുടെ പ്രിയ്യപ്പെട്ടവരുടെ ത്യാഗപൂർണമായ ജീവിതത്തിന്റെയും കുരിശിന് മുന്നിലെ വിരിക്കപ്പെട്ട കരങ്ങളുടെയും അനുഗ്രഹമാണ് നമ്മുടെ ജീവിതം. ഈ പ്രപഞ്ചം കാണിച്ച് തരുന്നതും അത് തന്നെയാണ്. മാതാപിതാക്കൾ മക്കൾക്ക് വേണ്ടി എരിഞ്ഞില്ലാതാകുമ്പോഴാണ് മക്കൾ ലോകത്തിന്റെ പ്രകാശവും ഭൂമിയുടെ ഉപ്പുമായി മാറ്റപ്പെടുന്നത്. മലയോരങ്ങളിൽ കാർന്നവൻമാർ കുടിയേറി രാവ് പകലാക്കി കണ്ണുനീരും വിയർപ്പും ഒഴുക്കിയപ്പോഴാണ് അവിടെ കനകം വിളഞ്ഞത്. കൽപന ചൗള പോലെയുള്ള മഹത്‌വ്യക്തികളുടെ ത്യാഗം വിയർപ്പായി ഒഴുകിയപ്പോഴാണ് ബഹിരാകാശം നമുക്ക് അന്യമല്ല എന്ന് തിരിച്ചറിഞ്ഞത്. ഒൻപത് മാസം കണ്ണുനീരോടെ കാത്തിരിക്കുമ്പോഴാണ് അമ്മയ്ക്ക് മക്കളെ സമ്മാനിക്കാൻ ആകുന്നത്. വിതയ്ക്കുന്നവനുള്ള സമ്മാനം വിളവാണെങ്കിൽ സങ്കടമനുഭവിക്കുന്നവനുള്ള സമ്മാനം സന്തോഷമാണെന്ന് തിരിച്ചറിയാൻ പറ്റണം. പലപ്പോഴും വിതയ്ക്കുന്നവന്റെ സമ്മാനം വിളവാണെന്ന് തിരിച്ചറിഞ്ഞിട്ടും അതിൽ സന്തോഷിക്കാൻ സാധിക്കുന്നുല്ലെങ്കിൽ അതിനുള്ള കാരണം വിത്തിൽ നിന്ന് വിളവിലേയ്ക്കുള്ള ദൂരവും കാലവും സമയവുമാണ്. വിതച്ച വിത്ത് മുളച്ചോ എന്ന് തിരിച്ചറിയാൻ വിത്ത് മാന്തി നോക്കിയാൽ വിത്ത് മുളയാക്കാനും ഫലം ചൂടാനും പോകുന്നുന്നില്ല. സഹനങ്ങളെ സന്തോഷമാക്കണമെങ്കിൽ ദൈവാശ്രയബോധത്തിൽ വളരുവാൻ സാധിക്കണം. അതു കൊണ്ടാണ് ക്രിസ്തു പറയുന്നത്, "ശാന്തശീലരെ നിങ്ങൾ

*വിത്തിൽ നിന്ന്*
*വിളവിലേയ്ക്കുള്ള*
*ദൂരമാണ്*
*സഹനങ്ങളിൽ നിന്ന്*
*സന്തോഷങ്ങളിലേയ്ക്കും*
*ദൈവരാജ്യത്തി*
*ലേയ്ക്കുമുള്ള അകലം*

ഭാഗ്യവാൻമാർ എന്തെന്നാൽ നിങ്ങൾ ദൈവത്തെ കാണും." വചനം സാക്ഷ്യപ്പെടുത്തുന്നു, "കർത്താവിന് പ്രിയപ്പെട്ടവരെ സ്വർണം അഗ്നിയിൽ ശുദ്ധി ചെയ്യുന്നതുപ്പോലെ സഹനത്തിന്റെ തീച്ചൂളയിൽ ശുദ്ധി വരുത്തുന്നുവെന്ന്." സഹനങ്ങൾക്കു മുമ്പിൽ പതറാതിരിക്കുക. സഹനങ്ങളെ സന്തോഷങ്ങളാക്കാനുള്ള അമൃത് തമ്പുരാനിൽ നിന്ന് ചോദിച്ച് വാങ്ങുക.

ഏ.പി.ജെ അബ്ദുൾ കലാം ജന്മദിനത്തെ വിശേഷിപ്പിച്ചത് ഇപ്രകാരമാണ്, "താങ്കൾ കരഞ്ഞപ്പോൾ താങ്കളുടെ അമ്മ ചിരിച്ച ഏക ദിവസം." സഹനങ്ങളെ സന്തോഷങ്ങളാക്കുമ്പോഴാണ് ആത്മാവിൽ സന്തോഷിക്കാൻ സാധിക്കുക.

കുരിശിലൊരുവൻ സങ്കടങ്ങളും സഹനങ്ങളും മറന്ന് "എല്ലാം പൂർത്തിയായി" എന്ന് പറഞ്ഞ് ആത്മാവിനെ ദൈവത്തിന് സമർപ്പിക്കുന്നുണ്ടെങ്കിൽ, അവന് ലഭിച്ച സൗഭാഗ്യമാണ് ദൈവത്തിന്റെ വലതുഭാഗത്തിരിക്കാനുള്ള കൃപ. ജീവിതത്തിൽ ഏഴ് വ്യാകുലങ്ങൾക്കിടയിലൂടെ കടന്ന് പോയപ്പോഴും ദൈവത്തെ ഉപേക്ഷിക്കാത്തവൾക്കുള്ള സമ്മാനമാണ് ദൈവത്തിന്റെ അമ്മയാകാനും, ഉടലോടെ സ്വർഗ്ഗത്തിലേയ്ക്ക് കരയേറ്റപ്പെടാനും സ്വർഗ്ഗഭൂലോകങ്ങളുടെ രാജ്ഞിയുമാകാനുള്ള അനുഗ്രഹം.

"സങ്കടങ്ങളെ സന്തോഷങ്ങളാക്കാം. സ്വർഗ്ഗം സ്വന്തമാക്കാം."

---

ഫാ. ജോബി മേനോത്ത്